## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2170 | 23/3/2012- ൽ മറുപടിയ്ക്ക്

### സാഫല്യം ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ : | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) 2011-2012 സാമ്പത്തിക വർഷം ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയിലൂടെ ദുർബല ജനവിഭാഗങ്ങൾക്ക് പാർപ്പിട നിർമ്മാണത്തിനായി സഹകരണ ബാങ്കുകളിൽ നിന്നും എത്ര തുക വായ്പയെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) 2011 - 2012 - ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം അവതരിപ്പിച്ച സാഫല്യം ഭവന നിർമ്മാണ പദ്ധതിയിൽ എത്ര തുകയാണ് പദ്ധതിയ്ക്കായി നീക്കി വച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) | സാഫല്യം പദ്ധതിയ്ക്കായി 2011-12 -ലെ പുതുക്കിയ ബജറ്റ് പ്രകാരം തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (സി) ഈ പദ്ധതി പ്രകാരം എത്ര വീടുകൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;<br>(ഡി) എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വ്യക്താക്കുമോ ;<br>(ഇ) സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര തുക നടപ്പുസാമ്പത്തിക വർഷം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി, ഡി & ഇ) | സാഫല്യം പദ്ധതിയ്ക്കുള്ള അംഗീകാരം നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ. ഭരണാനുമതി നൽകാനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ